**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാൻ കഴിയും; വിശദാംശങ്ങൾ നൽകാമോ; | (എ) | E-Health project ന്റെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അധിഷ്ഠിതമായി ഒരു UHID നൽകുന്നു. അയാളുടെ ജനനംമുതൽ മരണം വരെയുള്ള ചികിത്സാ രേഖകൾ (Electronic Health Record, EMR) ഈ UHID മുഖാന്തിരം ബന്ധിപ്പിച്ചിരിക്കുന്നു.<br><br>ഇ -ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ ഏതു സർക്കാർ ആശുപത്രി യിൽ ചികിത്സ തേടിയാലും, UHID ഉപ യോഗിച്ച് ഒരു വ്യക്തിയുടെ എല്ലാ ചികി ൽസാ വിവരങ്ങളും (clinical details) ഡോക്ടറുടെ മുന്നിലെ കമ്പ്യൂട്ടറിൽ ലഭ്യമാകുന്നു.<br><br>പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സാങ്കേ തിക വിദ്യ ഉപയോഗിച്ചുള്ള വിവര ശേഖരണത്തിലൂടെയും അല്ലെങ്കിൽ ആശുപത്രികളിൽ ഏർപ്പെടുത്തുന്ന രജിസ്ട്രേഷൻ കൗണ്ടറുകളിലൂടെയും ആണ് വ്യക്തികളുടെ U.H.I.D. ഇഹെൽത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നത്.<br><br>രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു.<br><br>ഒപി ക്ലിനിക്കുകൾ, ഫാർമസി, ലാബററ്ററി, എക്സറേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങ ളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു.<br><br>ഡോക്ടർമാരുടെ കുറിപ്പടികൾ (pres criptions) നെറ്റ് വർക്ക് വഴി ഫാർമസി കളിലും, ലാബററ്ററികളിലും |

| | | | |
|---|---|---|---|
| | | | എക്സ്റേ<br><br>കൗണ്ടറിലും അപ്പപ്പോൾ എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു.<br><br>വ്യക്തികളുടെ ഈ സമഗ്രമായ ആരോഗ്യ രേഖകൾ ഈഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിൽസകൾ വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിൽസാ സംഗ്രഹം ഞൊടിയിടയിൽ തന്നെ കേന്ദ്രീകൃത കമ്പ്യൂട്ടറിൽ നിന്നും ലഭ്യമാക്കി കൃത്യമായ തുടർ ചികിൽസ നിർണ്ണയിക്കാൻ സാധിക്കുന്നു.<br><br>രോഗികൾക്കു തങ്ങളുടെ ചികിൽസാ സംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു.<br><br>കൂടാതെ, ഇ-ഹെൽത്ത് നടപ്പിലാക്കിയ ഏതു ആശുപത്രിയിൽ നിന്നും ആ ആശു പത്രിയിലെയോ അല്ലെങ്കിൽ മറ്റേതെ ങ്കിലും ആശുപത്രിയിലെയോ ടോക്കൺ മുൻകൂർ എടുക്കുവാനും മറ്റേതു ആശുപത്രി യിലേക്കും റെഫർ ചെയ്യാനും ഡോക്ടർക്കു സാധ്യമാണ്.<br><br>ഇതോടൊപ്പം തന്നെ പൊതുജനങ്ങൾക്ക് വെബ് പോർട്ടൽ മുഖേന മുൻകൂർ ടോക്ക ണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാണ്.<br><br>മൊബൈൽ, കമ്പ്യൂട്ടർ എന്നിവ വഴി ഓൺലൈൻ അപ്പോയിൻമെന്റ് ബുക്കിംഗ് നുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്.<br><br>നിശ്ചിത കാലയളവിനുള്ളിൽ ഡോക്ടറെ വീണ്ടും കാണേണ്ടുന്ന രോഗികൾക്ക് അടുത്ത തവണ കാണാനുള്ളToken, ഡോക്ടർ consultation room ൽ വച്ച് തന്നെ നൽകുവാനുള്ള സംവിധാനവും ലഭ്യമാണ് |
| (ബി) | രോഗചികിത്സയ്ക്കായി ആശുപത്രികളിൽ മുൻകൂട്ടിയുള്ള അപ്പോയ്റ്റ്മെന്റ് എടുക്കുന്നതിനായി ഓൺലൈനായി ഒ.പി. ടിക്കറ്റ് എടുക്കുവാൻ ഇ-ഹെൽത്ത് വഴി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്ര ങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള 446 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമായി. ഇതിൽ 334 ആശുപത്രികളിൽ വീട്ടിലി രുന്ന് ഓൺലൈൻ വഴി ഒ.പി. ടിക്കറ്റും ആശുപത്രി |

| | | | |
|---|---|---|---|
| | | | അപ്പോയ്മെന്റെടുക്കാനും കഴിയുന്ന സംവിധാനം സജ്ജമായിട്ടുണ്ട്. സ്മാർട്ട് ഫോണും കമ്പ്യൂട്ടറും ഉപയോഗിച്ച് ഈ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.<br><br>ഇ-ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയിൽ നമ്പർ അഥവാ യുഎച്ച്ഐഡി സൃഷ്ടി ക്കണം. അതിനായി https://ehealth. kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ ടൈപ്പ് ചെയ്ത് പ്രൊസീഡ് ചെയ്യാവുന്നതാണ്. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്തിട്ടുള്ള നമ്പരിൽ ഒടിപി വരും. ഈ ഒടിപി നൽകി വെരിഫൈ ചെയ്യാവുന്നതാണ്. അപ്പോൾ ആധാർ നമ്പർ നൽകിയ വ്യക്തിയുടെ പേര്, വയസ്, വീട്ടുപേര്, ജില്ല എന്നിവ സ്ക്രീ നിൽ ലഭ്യമാകും. തുടർന്ന് അതിന് താഴെ യുള്ള കോളത്തിൽ മൊബൈൽ നമ്പർ നൽകി സബ്മിറ്റ് ചെയ്യാവുന്നതാണ്. അപ്പോൾ യുഎച്ച്ഐഡി നമ്പർ മൊബൈലിൽ മെസേജായി ലഭിക്കു ന്നതാണ്. ഈ തിരിച്ചറിയൽ നമ്പർ ഉപയോഗിച്ച് ഇ-ഹെൽത്ത് നടപ്പിലാക്കി യിട്ടുള്ള ആശുപത്രികളിൽ അപ്പോയ്മെന്റ് എടുക്കാൻ സാധിക്കും. ആദ്യ തവണ യുഎച്ച്ഐഡി നമ്പർ തന്നെയാണ് പാസ് വേഡായി ഉപയോഗിക്കേണ്ടത്. അതിന് ശേഷം പുതിയ പാസ് വേർഡ് നൽകണം.<br><br>മെഡിക്കൽ കോളേജുകളിലുൾപ്പെടെ വിദഗ്ധ ഒപി ചികിത്സയ്ക്ക് റഫറൽ ആവശ്യമാണ്. അതിനാൽ തൊട്ടടുത്തുള്ള ആശുപത്രിയിൽ ഡോക്ടറെ കാണിച്ച് റഫറൽ വാങ്ങിച്ചിരിക്കണം.<br><br>അപ്പോയ്മെന്റ് ഫോമിൽ ജില്ല, ആശുപത്രിയുടെ തരം, ആശുപത്രിയുടെ പേര്, ഡിപ്പാർട്ട്മെന്റ് എന്നിവ നൽകി പ്രൊസീഡ് നൽകുക. അതിന് ശേഷം വരുന്ന പേജിൽ തീയതി സെലക്ട് ചെയ്ത് രോഗികൾക്ക് സൗകര്യപ്രദമായ സമയവും ടോക്കൺ, വരുമാനം എന്നിവ സെലക്ട് ചെയ്യുമ്പോൾ അപ്പോയ്മെന്റ് വിവരങ്ങൾ ലഭ്യമാകുന്നതാണ്.<br><br>അപ്പോയ്മെന്റ് പിഡിഎഫ് രൂപത്തിൽ പ്രിന്റെടുക്കാൻ സാധിക്കുന്നതാണ്. ടോക്ക ൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ് |
| (സി) | പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണി യിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊ ട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പി ലാക്കുന്നതിന് ഭരണാനുമതി നൽകി യിട്ടുണ്ട്. ഇപ്പോൾ 446 ആശുപത്രികളിൽ ഇ- ഹെൽത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ 160 എണ്ണം പൂർണമായും കടലാസ്സ് രഹിതമായിട്ടാണ് പ്രവർ ത്തിക്കുന്നത്. ശേഷിക്കുന്ന 250 ആശു പത്രികളിൽ 182ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കി വരുന്ന 68 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിട നിർമാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തികരണത്തിന് കാല താമസം നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ